## കത്തുകൾ




# ഇൻഷുറൻസിന്റെ ഇസ്‌ലാമിക ബദൽ

**'ഇൻഷുറൻസും** ഇസ്‌ലാമിക നിയമങ്ങളും' എന്ന ലേഖനത്തിൽ (ലക്കം 38) ഇൻഷുറൻസിനോടുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുകയുണ്ടായി. ലൈഫ് ഇൻഷുറൻസ് ഇസ്‌ലാമിക വീക്ഷണത്തിൽ തെറ്റാണെന്ന് അദ്ദേഹം എഴുതുന്നു. എങ്കിൽ അതിനുള്ള ഇസ്‌ലാമിക ബദൽ എന്ത് എന്ന് ലേഖകൻ വിശദീകരിക്കേണ്ടതായിരുന്നു.

പലിശയിനത്തിൽ വരുമാനം ലഭിക്കുന്ന പദ്ധതികളിലാണ് പണം നിക്ഷേപിക്കുന്നത്, ഇൻഷുർ ചെയ്യുന്നതിലൂടെ ഒരാൾ തന്റെ ഭാവി അല്ലാഹുവിൽ ഭരമേൽപിക്കുന്നതിനു പകരം ഇൻഷുറൻസ് കമ്പനികൾക്ക് അടിയറവെക്കുന്നു, ഇൻഷുർ ചെയ്തുകഴിഞ്ഞാൽ എത്ര പ്രീമിയം അടക്കണം, പ്രീമിയം പൂർത്തിയാക്കാനാവുമോ എന്നൊന്നും അറിയില്ല, പോളിസി പൂർത്തിയാക്കാതെ മരണപ്പെട്ടാൽ കുടുംബത്തിന് ലഭിക്കുന്ന തുക പലിശയിനത്തിൽനിന്നാവും.... തുടങ്ങിയവയാണ് ഹറാമാണെന്നതിനുള്ള ന്യായങ്ങളായി ചൂണ്ടിക്കാണിച്ചത്. യഥാർഥത്തിൽ ലൈഫ് ഇൻഷുറൻസ് മാത്രമല്ല എല്ലാ ഇൻഷുറൻസുകളും പലിശാധിഷ്ഠിത പദ്ധതികളിലാണ് നിക്ഷേപിക്കപ്പെടുന്നത്. ഇസ്‌ലാമിക ബദലിനെക്കുറിച്ച അന്വേഷണം ഈ സന്ദർഭത്തിൽ വളരെ പ്രസക്തമാണ്.

ഇസ്‌ലാമിക ഇൻഷുറൻസിന്റെ അടിസ്ഥാനം പരസ്പര സഹകരണം (തകാഫുൽ) ആണ്. ദാനം (സ്വദഖ) കൊടുക്കുന്നത് പോലെയാണ് പ്രീമിയം അടക്കുന്നത്. ദാനം ആരും തിരിച്ചു വാങ്ങാറില്ലല്ലോ. ഇൻഷുറൻസ് കമ്പനി അംഗങ്ങളിൽനിന്ന് സ്വദഖയായി പ്രീമിയം വാങ്ങുന്നു. ഇതിൽ എല്ലാ അംഗങ്ങളും സമന്മാരായിരിക്കും. എല്ലാവർക്കും നഷ്ടസാധ്യതയുണ്ട്. നഷ്ടം സംഭവിച്ചവന് കമ്പനി നഷ്ടം നികത്തുന്നു. ഇത് മറ്റംഗങ്ങളുടെ പ്രീമയവും കൂടി സ്വദഖയായി ഉപയോഗിച്ചാണ്. വർഷാവസാനം കമ്പനി ചെലവ് കഴിച്ച് അംഗങ്ങളുടെ ബാക്കി തുക (അംഗങ്ങൾക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അതും കഴിച്ച്) അംഗങ്ങൾക്ക് തുല്യമായി വീതിക്കുകയോ ബിസിനസിൽ നിക്ഷേപിക്കുകയോ ചെയ്യുന്നു. ഇതിൽനിന്നുള്ള ലാഭത്തിന്റെ ഒരു വിഹിതം അംഗങ്ങൾക്ക് നൽകുന്നു. ഈ തരത്തിലുള്ള നിക്ഷേപമാണ് ഇസ്‌ലാമിക് ഇൻഷുറൻസ് കമ്പനി (തകാഫുൽ കമ്പനി) നടത്തിവരാറുള്ളത്. കമ്പനി നിക്ഷേപിക്കുന്നത് ശരീഅത്ത് അനുവദിച്ച ബിസിനസിലായിരിക്കും.

സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇസ്‌ലാമിക ഇൻഷുറൻസിന് ലോകത്ത് വൻ സ്വീകാര്യത ലഭിച്ചുവരുന്നത്.

**റശീദ്ബ്നു അബ്ബാസ് കണ്ണൂർ**

# ചക്കര ടോണിക്കും കമ്മീഷനും

**ഡോ. സൈജു** ഹമീദ് എഴുതിയ ലേഖനം (ലക്കം 30) വായിച്ചു. ആതുര ശുശ്രൂഷാ രംഗത്തെ കൊള്ളരുതായ്മകളും ചൂഷണങ്ങളും അദ്ദേഹം വെളിച്ചത്തുകൊണ്ടുവരുന്നു.

ചില അനുഭവങ്ങൾ കുറിക്കട്ടെ: വർഷങ്ങൾക്കുമുമ്പ് ഞാൻ മലപ്പുറം ജില്ലയിൽ മെഡിക്കൽ റപ്രസന്റേറ്റീവ് ആയി ജോലി ചെയ്തിരുന്നു. പോണ്ടിച്ചേരിയിലെ ഒരു മരുന്നു കമ്പനിയുടെ പ്രതിനിധിയായിരുന്നു ഞാൻ. ഡോക്ടർമാർക്ക് കൂടുതൽ പരിചയമില്ലാത്ത ഉൽപന്നമായതുകൊണ്ട് നന്നായി വർക്ക് ചെയ്യണം. ഡോക്ടറെ വിസിറ്റ് ചെയ്യുന്നതിനു മുമ്പായി മരുന്ന് പ്രമോട്ട് ചെയ്യാൻ പോകുന്ന സ്ഥലത്തെ മെഡിക്കൽ ഷോപ്പിൽ ഒരു പ്രാഥമികാന്വേഷണം നടത്തും. ഏതെല്ലാം കമ്പനികളുടെ ഏതേതു മരുന്നുകളാണ് ആ സ്ഥലത്തെ ഡോക്ടർമാർ എഴുതുന്നത് എന്നറിയാൻ. പല മെഡിക്കൽ ഷോപ്പുകളിലെയും സെയിൽസ്മാൻമാർ പറഞ്ഞു: 'ആ ഡോക്ടർ നിങ്ങളുടെ മരുന്നുകൾ എഴുതുന്ന കാര്യം പ്രയാസമാണ്. അദ്ദേഹത്തിന് ചില കമ്പനികളുമായി 'ഡീൽ' ഉണ്ട്. കൂടുതലും ആ കമ്പനികളുടെ മരുന്നുകളാണ് എഴുതുന്നത്.' ഇതുതന്നെയാണ് ഇപ്പോഴത്തെയും സ്ഥിതി. മുമ്പെല്ലാം ചെറിയ കമ്പനികളായിരുന്നു ഡോക്ടർമാർക്ക് 'മണി' അടിക്കുന്നതിൽ മുമ്പിൽ. ഇന്ന് സ്റ്റാൻഡേർഡ് കമ്പനികൾ വരെ വലിയ പാരിതോഷികങ്ങളും കമ്മീഷനും നൽകി ഇവരെ വശത്താക്കുന്നു.

തിരൂരിനടുത്ത് ഒരു സ്ഥലത്ത് ചെന്നപ്പോൾ അവിടത്തെ മെഡിക്കൽ ഷോപ്പിലെ സെയിൽസ്മാൻ പറഞ്ഞത് ഓർക്കുന്നു: സ്ഥലത്ത് പ്രാക്ടീസ് ചെയ്യുന്ന ഒരു ഡോക്ടർ സ്ഥിരമായി ഒരു കമ്പനിയുടെ 'ചക്കര ടോണിക്ക്' രോഗികൾക്ക് എഴുതിക്കൊടുക്കാറുണ്ട്. പേപ്പട്ടി കടിച്ച ഒരാൾക്ക് മറ്റു മരുന്നുകളോടൊപ്പം ഈ ടോണിക്കും കുറിച്ചുകൊടുത്തു. വീട്ടിലുള്ള മറ്റു അംഗങ്ങൾക്കും ആശാൻ ഇതേ ടോണിക്ക് കുറിച്ചു കൊടുത്ത് സേവിക്കാൻ പറഞ്ഞത്രെ. വിഷബാധ മറ്റുള്ളവർക്കും ഏൽക്കരുതല്ലോ! എത്രയധികം ടോണിക്ക് വിറ്റഴിയുന്നുവോ, അത്രയും കമ്മീഷൻ ഡോക്ടറുടെ പോക്കറ്റിൽ വന്നുവീഴും.

പാവപ്പെട്ട രോഗികൾക്ക് കാരുണ്യത്തിന്റെയും സേവനത്തിന്റെയും അത്താണിയാവേണ്ട ഡോക്ടർമാർ, കൂടുതൽ പണം വാരിക്കൂട്ടാൻ വൃത്തികെട്ട മാർഗങ്ങൾ സ്വീകരിക്കുകയാണ്. ഈ ലേഖനം അത്തരം ഡോക്ടർമാർ വായിച്ചിരുന്നെങ്കിൽ എന്നാശിക്കുന്നു. എത്തിക്കൽ മെഡിക്കൽ ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും.

**അബ്ദുന്നാസർ ദോഹ, ഖത്തർ**

## ഇരുട്ടിന്റെ ശക്തികളെ ഒറ്റപ്പെടുത്തുക

**വ്യത്യസ്ത** മതവിശ്വാസികൾക്കിടയിൽ സൗഹാർദം നിലനിർത്തുന്നതിനുള്ള ആസൂത്രിത സംരംഭങ്ങൾ നടക്കുന്നതായി ജോർദാനിൽനിന്നുള്ള വാർത്തകൾ വ്യക്തമാക്കുന്നു (മുഖക്കുറിപ്പ്, ലക്കം 42). ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ വർഗീയ-സാമ്രാജ്യത്വശക്തികളുടെ ഭാഗത്തുനിന്ന് പ്രകോപനപരമായ പ്രവർത്തനങ്ങൾ ഉണ്ടാകുമ്പോൾ അവ വിവേകപൂർവം കൈകാര്യം ചെയ്യുന്നതിനുള്ള വേദിക്ക് രൂപം നൽകിവരുന്നതായി ഡോ. സാകിർ നായികും വെളിപ്പെടുത്തുകയുണ്ടായി (ലക്കം 41). ശുഭോദർക്കമാണ് രണ്ടു വാർത്തകളും.

ഹിന്ദുക്കളും മുസ്‌ലിംകളും ക്രിസ്ത്യാനികളും മറ്റു മതസ്ഥരും ഒരു മതത്തിലും വിശ്വസിക്കാത്തവരും വസിക്കുന്ന വിശാലമായ രാജ്യമാണ് ഇന്ത്യ. കേരളമാകട്ടെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മതസൗഹാർദത്തിന് പേരുകേട്ട പ്രദേശവുമാണ്.

എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, ഉത്തരേന്ത്യയിൽ ആഞ്ഞുവീശിക്കൊണ്ടിരിക്കുന്ന സാമുദായിക വിദ്വേഷത്തിന്റെ തീക്കാറ്റ് കേരളത്തിൽ ചിലയിടങ്ങളിലെങ്കിലും നാശം വിതക്കുകയുണ്ടായി. സമൂഹത്തിൽ വർഗീയതയുടെ വൈറസുകൾ പരത്തുന്നതിൽ ഫാഷിസ്റ്റുശക്തികൾ വിജയിക്കുകയാണെന്ന സത്യം ആശങ്കപരത്തുന്നു. ഉത്തരേന്ത്യയിലെ പോലെ വിവിധ സമുദായങ്ങൾ പ്രത്യേകം ചേരിതിരിഞ്ഞ് താമസിക്കാനുള്ള പ്രവണത കേരളത്തിലും ശക്തിപ്പെട്ടുവരുന്നുണ്ടോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. അയൽക്കാരനായ സഹോദരനു വേണ്ടി എന്തു സാഹായം ചെയ്യാൻ കഴിയും എന്ന ചിന്തയല്ല ഇപ്പോൾ ജനങ്ങളെ നയിക്കുന്നത്. അയൽക്കാരനിൽനിന്ന് തന്റെ ജീവനും സമ്പത്തും എങ്ങനെ രക്ഷപ്പെടുത്താം എന്ന ഭീതിജനകമായ ചിന്തയാണ് ആളുകളെ ഭരിക്കുന്നത്. ഓരോ മതക്കാരും ജാതിക്കാരും ഒരിടത്ത് കൂട്ടമായി താമസിക്കുന്നതാണ് സുരക്ഷിതം എന്ന ചിന്താഗതി സ്വാധീനം നേടിവരുന്നതായി തോന്നുന്നു.

വളരെ അപകടകരമായ പ്രവണതയാണിത്. ഈ അകൽച്ചയും സംശയവും ഭീതിയും ശാശ്വതമായ വെറുപ്പിനു വഴിമാറും. വിദ്വേഷം മനസ്സിലെ നന്മകൾ ചോർത്തിക്കളയും. പകരം അസൂയയും പകയും സ്ഥാനം പിടിക്കും. ഊഹാപോഹങ്ങൾ പ്രചരിക്കും. നിസ്സാരമായ പ്രശ്നങ്ങൾ ഗുരുതരമായ സംഘട്ടനത്തിലേക്കും കലാപത്തിലേക്കും നയിക്കും. ചേരിതിരിഞ്ഞു താമസിക്കുന്നതോടെ സുരക്ഷിതത്വമല്ല, കൂടുതൽ ഭയവും നാശവുമാണ് സംഭവിക്കുക. ഉത്തരേന്ത്യ നൽകുന്ന പാഠവും മറ്റൊന്നല്ല. ഇങ്ങനെ സ്വയം നാശത്തിലേക്കെറിയാൻ മാത്രം നാം വിഡ്ഢികളാണോ?

ആരാണ് വിദ്വേഷത്തിന്റെ വിഷവിത്ത് നമുക്കിടയിൽ വിതച്ചത്? തീർച്ചയായും നമ്മൾ അറിയുകയും വിശ്വസിക്കുകയും ചെയ്യുന്ന മതങ്ങളല്ല. ഒരു മതവും വിദ്വേഷത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുന്നില്ല. മറിച്ച്, സ്നേഹവും സഹകരണവും സഹിഷ്ണുതയുമാണ് അവ ഉദ്ഘോഷിക്കുന്നത്. വർഗീയത വളർത്തുന്ന ശക്തികൾ യഥാർഥ മതവിശ്വാസികളല്ല. മനുഷ്യരെല്ലാം ഒരേ ദൈവത്തിന്റെ സൃഷ്ടികളും ഒരേ മാതാപിതാക്കളുടെ മക്കളുമാണ്- ഇതാണ് മതങ്ങൾ നൽകുന്ന മഹത്തായ പാഠം.

മാനുഷിക സമത്വത്തിലും സാഹോദര്യത്തിലും ഊന്നുന്ന ദർശനമാണ് ഇസ്‌ലാം. ഖുർആനാണ് അതിന്റെ അടിസ്ഥാന ഗ്രന്ഥം. നബിയുടെ ജീവിതമാണ് അതിന്റെ പ്രായോഗിക മാതൃക. ഖുർആനിലോ നബിചര്യയിലോ അന്യസമുദായങ്ങളോട് ശത്രുത പുലർത്തണമെന്ന് ആഹ്വാനം ചെയ്യുന്ന ഒരു വരി പോലും കാണുകയില്ല. മറിച്ച്, സഹകരണത്തിന്റെയും സഹാനുഭൂതിയുടെയും ജീവകാരുണ്യത്തിന്റെയും മഹിത മാതൃകകൾ കാണുകയും ചെയ്യാം.

മനുഷ്യൻ അവനറിയാത്തതിന്റെ ശത്രുവാണെന്ന് പറയാറുണ്ട്. അകാരണമായ ഭയവും അറിവില്ലായ്മയുമാണ് നമ്മുടെ രോഗം. പരസ്പരം അറിയാനും അടുക്കാനും മാനുഷികമൂല്യങ്ങളെ മാനിക്കാനും നാം തയാറാവുക, പരസ്പരം പൊരുതിച്ചാകുന്ന വിഡ്ഢികളാവാതിരിക്കുക. രാജ്യം ഗുരുതരമായ ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ സന്ദർഭത്തിൽ വിവേകപൂർവം പ്രശ്നങ്ങൾ കൈയാളുക.

**കെ.പി ഇസ്മഈൽ**
**കണ്ണൂർ**

## മാറാടും മനുഷ്യാവകാശവും

**മാറാടിന്റെ** മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള കവർസ്റ്റോറി (ലക്കം 41) ശ്രദ്ധേയമായി. ഏതൊരു കലാപത്തിലും പീഡനങ്ങൾക്കും യാതനകൾക്കും വിധേയരാകുന്നത് എന്നും നിരപരാധികളാണല്ലോ. കുറ്റവാളികൾ സമർഥമായി രക്ഷപ്പെടുകയും ചെയ്യും. കൊല്ലപ്പെടുന്നതും മിക്കപ്പോഴും നിരപരാധികൾതന്നെ. പകയുടെ കണക്കുകൾ തുല്യമാക്കാൻ വിധിക്കപ്പെടുന്ന ബലിയാടുകൾ മാത്രമാണല്ലോ അവർ. ഇരകളുടെ നിരാലംബരായ കുടുംബങ്ങൾക്ക് നിതാന്ത ദുഃഖം മാത്രം ബാക്കി.

**വിനോദ് കുമാർ**
**എടച്ചേരി**

## ഇസ്‌ലാമിന്റെ ജീവിതസാക്ഷ്യം

**'പ്രവാചകന്റെ** അന്ത്യോപദേശങ്ങളും സമകാലിക മുസ്‌ലിം സമൂഹവും' (ലക്കം 40,41) എന്ന ലേഖന പരമ്പര ശ്രദ്ധേയമായി. പ്രവാചകന്റെ ഉപദേശ നിർദേശങ്ങൾ നെഞ്ചേറ്റിയവരായിരുന്നു ആദ്യകാല മുസ്‌ലിം സമൂഹം. അവർ ജീവിതംകൊണ്ട് ഇസ്‌ലാമിന്റെ സാക്ഷികളായി നിലകൊണ്ടു. ആ ജീവിതസാക്ഷ്യമാണ് നമുക്ക് ഇല്ലാതെ പോയത്. നമ്മുടെ മുൻഗണനാക്രമം മാറി എന്നതാണ് കാരണം. നമ്മുടെ ഇബാദത്തുകൾ കേവലം ആചാരങ്ങൾ മാത്രമായി. അവ ജീവിതത്തെ സ്വാധീനിക്കുന്നില്ല. പ്രവാചകൻ ജീവിച്ചു കാണിച്ച മഹദ് മാതൃക പിൻപറ്റുക മാത്രമേ പരിഹാരമുള്ളൂ.

**ടി.എം.സി സിയാദലി**
**കാസർകോട്**

## ▪ ചുരുക്കെഴുത്ത്

**'വംശനാശ** ഭീഷണയിൽ പണ്ഡിത സമൂഹം', 'മദ്റസാ അധ്യാപകരും മനുഷ്യരാണ്' എന്നീ കത്തുകൾ (ലക്കം 40) ശ്രദ്ധയർഹിക്കുന്നു. നല്ല പണ്ഡിത സമൂഹം ഉണ്ടാകണമെങ്കിൽ നല്ല മദ്റസകൾ ഉണ്ടാകണം. നല്ല മദ്റസകളുണ്ടാകണമെങ്കിൽ നല്ല അധ്യാപകരുണ്ടാകണം. മദ്റസാധ്യാപകരുടെ പ്രശ്നങ്ങൾ മുഖവിലക്കെടുക്കാൻ ബന്ധപ്പെട്ടവർ തയാറാവണം.

**അബ്ദുൽ മജീദ്**
**പൊന്നാനി**